# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1970 06.02.2019 ൽ മറുപടിക്കുണ്ടായിരുന്നത്

### പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.എം.നൗഷാദ്<br>ശ്രീ.പി.ടി.എ.റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക പ്രകാരം സംസ്ഥാനത്ത് കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നതായി കണ്ടിട്ടുണ്ടോ; സ്ത്രീ സുരക്ഷയ്ക്ക് മുൻഗണന നൽകിക്കൊണ്ട് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കുറവു വരുന്നതായി കാണുന്നു. ജനമൈത്രി സംവിധാനം ഉപയോഗിച്ച് സ്ത്രീകളുടെ പരാതികൾക്ക് പ്രത്യേകം ശ്രദ്ധ നൽകി വരുന്നുണ്ട്. കൂടാതെ പൂവാല ശല്യം ഒഴിവാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ മാർക്കറ്റ്, സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിയോഗിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള ക്രമസമാധാന ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ ബന്ധപ്പെട്ട നിയമ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യും, കുറ്റപത്രം സമർപ്പിച്ചും ക്രമസമാധാനം പാലിച്ചുവരുന്നുണ്ട്. സ്ത്രീകളുടെ പരാതികൾ ഓൺലൈനായി സ്വീകരിച്ചും വരുന്നുണ്ട്. |
| (ബി) ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ സ്റ്റേഷനുകളിലും പ്രാവർത്തികമായിട്ടുണ്ടോ; കവർച്ച തടയാൻ ആവിഷ്കരിച്ചിട്ടുള്ള സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റത്തെക്കുറിച്ച് അറിയിക്കാമോ; | (ബി) പ്രാവർത്തികമാക്കിയിട്ടുണ്ട്. കെൽട്രോണുമായി ചേർന്ന് പോലീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് Central Intrusion Monitoring System (CIMS). ബിസിനസ് സ്ഥാപനങ്ങളിലും മറ്റും സി.സി.ടി.വി ക്യാമറ ഘടിപ്പിച്ചു പോലീസ് വകുപ്പ് നിരീക്ഷണം നടത്തുന്നതാണ് ഈ പദ്ധതി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ നിരീക്ഷണ സംവിധാനം പോലീസ് ആസ്ഥാനത്താണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) വാഹനങ്ങളും ഉപകരണങ്ങളും നവീകരിച്ചുകൊണ്ടും പരിശീലനം കൂടുതൽ ശാസ്ത്രീയമായി പരിഷ്കരിച്ചുകൊണ്ടും പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനും അർഹരായവർക്ക് പ്രൊമോഷൻ നൽകുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ? | (ഡി) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി നിരവധി പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും ഇനിയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശകൾ പരിഗണനയിലുള്ളതും ആംഡ് പോലീസ് ബറ്റാലിയനിലെ സീനിയോറിറ്റി തർക്കം പരിഹരിക്കുന്നതിനായി പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ